ഡൈയോക്സൈഡ് റൂട്ടയിൽഗ്രേഡ് പിഗ്മെൻറിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിച്ചത്. ഈ പ്ലാൻറിൽ നവീന സാങ്കേതിക രീതിയിലാണ് ഉൽപ്പാദനം നടത്തുന്നത്. അതുകൊണ്ട് പ്രത്യേക പരിശീലനം തൊഴിലാളികൾക്ക് നൽകേണ്ടതുണ്ട്. ഈ പ്ലാൻറിൽ ടാർജറ്റ് അനുസരിച്ചുള്ള ഉൽപ്പാദനം അടുത്ത ആറുമാസത്തിനകം നടത്താൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

പെരുമ്പാവൂർ റയോൺസ് കമ്പനി

240 [549] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ റയോൺസ് കമ്പനിയിൽ എന്തെല്ലാം സാധനങ്ങളാണ് ഉൽപ്പാദിപ്പിച്ചു കൊണ്ടിരിക്കുന്നത്;

(ബി) കമ്പനിയുടെ മൂലധനനിക്ഷേപം എത്ര;

(സി) കമ്പനിയുടെ ആസ്തി എത്ര?

ഉത്തരം

(എ) റയോൺസ് നൂല്, സെല്ലുലോസ് ഫിലിം, കോട്ടൺ ലിൻറർ പൾപ്പ്, സൾഫ്യൂറിക് ആസിഡ്, കാർബൺ ഡൈസൾഫൈഡ്.

(ബി) 2,52,50,000 രൂപ.

(സി) 6,67,43,924 രൂപയുടെ സ്ഥിര നിക്ഷേപങ്ങളും, 2,66,58,251 രൂപയുടെ മറ്റു നിക്ഷേപങ്ങളും. (പഴയ നിരക്കനുസരിച്ചാണ് വില കണക്കാക്കിയിട്ടുള്ളത്)

ഗവൺമെൻറുമേഖലയിലെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ

241 [550] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് മേഖലയിലെ ഏതെല്ലാം ഫാക്ടറികളാണ് ഇപ്പോൾ പൂട്ടിക്കിടക്കുന്നത്;

(ബി) ഇതിൻറെ കാരണമെന്താണ്?

ഉത്തരം

(എ) ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡ് ആലപ്പുഴ.

(ബി) സാമ്പത്തിക പരാധീനത, തൊഴിലാളികളുടെ നിസ്സഹകരണം എന്നിവയാണ് ഫോം മാറ്റിംഗ്സ് ലോക്കൗട്ട് ചെയ്യുവാനുണ്ടായ പ്രധാന കാരണങ്ങൾ.

വ്യാവസായികാവശ്യങ്ങൾക്കായി ഭൂമി വിലയ്ക്കെടുത്ത് നൽകാനുള്ള പദ്ധതി

242 [554] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യങ്ങൾക്കായി ഭൂമി വിലയ്ക്കെടുത്ത് നൽകാനുള്ള പദ്ധതി സിഡ്കോ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly